# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.10.2024** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) ഇന്ത്യാ-ജർമനി നയതന്ത്ര ബന്ധം
അടുത്ത 25 വർഷത്തിനിടെ പുതിയ
ഉയരങ്ങളിലേക്കെത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
ഏഷ്യാ പെസഫിക് ജർമൻ ബിസിനസ് സമ്മേളനത്തെ
പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

Prime Minister Narendra Modi has said that India and Germany relations are strengthening at every level. He said this is the 25th year of the India-Germany strategic partnership and the coming 25 years will give newer heights to this relationship.

2) ഒഡീഷ തീരത്ത് ശക്തമായ കാറ്റും, മഴയും വിതച്ച് അതിതീവ്ര
ചുഴലിക്കാറ്റ് ദാന പൂർണമായും തീരം കടന്നു.
ചുഴലിക്കാറ്റിൽ വ്യാപക നാശനഷ്ടങ്ങൾ. ആളപായമില്ല.

The severe cyclonic storm 'Dana' has completed its landfall process battering many parts of Kendrapara, Bhadrak and Balasore districts in coastal Odisha with heavy winds and rainfalls.

3) കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിൽ നടക്കുന്ന
ഉപതിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള
സമയപരിധി ഇന്ന് അവസാനിക്കും. പ്രചാരണം
ഊർജ്ജിതമാക്കി മുന്നണികൾ.

Political parties intensified camapigns for byelections in Kerala. Today is the last day to file nominations.

4) സുപ്രീംകോടതിയുടെ 51-മത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്നയെ രാഷ്ട്രപതി നിയമിച്ചു.

Justice Sanjiv Khanna to be next Chief Justice of India.

5) കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

IMD predicts very heavy rain in various districrs in Kerala. Orange alert issued for Thiruvananthapuram, Kottayam, Idukki, Ernakulam and Thrissur districts.

******************

## GERMAN CHANCELLOR

ഇന്ത്യാ-ജർമനി നയതന്ത്ര ബന്ധം അടുത്ത 25 വർഷത്തിനിടെ പുതിയ ഉയരങ്ങളിലേക്കെത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 18 മത് ഏഷ്യാ പെസഫിക് ജർമൻ ബിസിനസ് സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നൂതനാശയങ്ങൾക്ക് മികച്ച അടിസ്ഥാനസൗകര്യം ഒരുക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും, സ്റ്റാർട്ടു അപ്പുകൾക്കായി വലിയ സാധ്യതയാണ് രാജ്യത്ത് ഒരുക്കിയിരിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ആഗോള വ്യാപാരത്തിൻറെയും, നിർമാണത്തിൻറെയും കേന്ദ്രമായി രാജ്യം മാറുകയാണെന്നും അദ്ദേഹം വ്യക്തമാക്കി

(ഹോൾഡ്)

ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ബന്ധം കൂടുതൽ കരുത്തുറ്റതാക്കാൻ ആഗ്രഹിക്കുന്നതായി ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് സമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ഏഴാമത് സർക്കാർ തല ചർച്ചകൾക്കും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസും ഇന്ന് സംയുക്തമായി

അദ്ധ്യക്ഷത വഹിക്കും. ഇരുരാജ്യങ്ങളിലും നിന്നുള്ള മന്ത്രിമാരും ചർച്ചയിൽ പങ്കെടുക്കും.

******************

## CYCLONE DANA

ഒഡീഷ തീരത്ത് ശക്തമായ കാറ്റും, മഴയും വിതച്ച് അതിതീവ്ര ചുഴലിക്കാറ്റ് ദാന പൂർണമായും തീരം കടന്നു. ഭിതാർകനികയ്ക്കും ധംറയ്ക്കും മധ്യേ ഇന്നലെ അർദ്ധരാത്രി 12 മണിയോടെയാണ് നൂറ്റി ഇരുപത് കിലോമീറ്റർ വേഗതയിൽ ചുഴലിക്കാറ്റ് തീരം തൊട്ടത്. ദാനയുടെ സ്വാധീനത്താൽ കേന്ദ്രാപഡാ, ഭദ്രക്, ബാലസോർ ജില്ലകളിൽ കനത്ത കാറ്റും മഴയും തുടരുകയാണ്. ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ വൻമരങ്ങളും വൈദ്യുത തൂണുകളും കടപുഴകി വീണു. നെൽകൃഷിക്കും, വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ടെങ്കിലും ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ദുരന്തനിവാരണ സേനയുടെയും, അഗ്നിരക്ഷാ വിഭാഗത്തിൻറെയും നേതൃത്വത്തിൽ കടപുഴകി വീണ വൻമരങ്ങൾ വെട്ടിനീക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. വൈദ്യുതിബന്ധം വൈകുന്നേരത്തോടെ പൂർണമായും പുനസ്ഥാപിക്കുമെന്ന് അധികൃതർ വ്യക്തമാക്കി. ഭുവനേശ്വർ വിമാനത്താവളത്തിൽ നിന്നുള്ള വിമാനസർവീസ് പുനഃസ്ഥാപിച്ചിട്ടുണ്ട് . അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ള ബാലസോർ, ഭദ്രക്, മയൂർഭഞ്ച് ജില്ലകളിൽ ചുവപ്പു ജാഗ്രതയും കേന്ദ്രാപഡാ, ഉൾപ്പെടെ 5 ജില്ലകളിൽ ഓറഞ്ച് അലർട്ടും നൽകിയിട്ടുണ്ട് . ചുഴലിക്കാറ്റിൻറെ സ്വാധീനത്താൽ കൊൽക്കൊത്തയിലും, പശ്ചിമ ബംഗാളിലെ വിവിധ ജില്ലകളിലും മഴ അനുഭവപ്പെടുന്നുണ്ട്. സാരമായ നാശനഷ്ടങ്ങളൊന്നും ഇവിടെ റിപ്പോർട്ട് ചെയ്തിട്ടില്ല.

******************

## P M -CYCLONE DANA

ദാന ചുഴലിക്കാറ്റിനെ തുടർന്ന് ഒഡിഷയിൽ ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കാൻ കേന്ദ്രസർക്കാരിൻ്റെ എല്ലാ പിന്തുണയും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പുനൽകി . സംസ്ഥാനത്തിന് എല്ലാ സഹായവും നൽകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി . ചുഴലിക്കാറ്റിനു ശേഷമുള്ള സ്ഥിതിഗതികൾ ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി ഇന്ന് ഭുവനേശ്വറിൽ അവലോകനം ചെയ്യു. നാശനഷ്ടങ്ങൾ വിലയിരുത്തി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കാൻ ദുരന്ത ബാധിത ജില്ലകളിലെ കളക്ടർമാരോട് അദ്ദേഹം ആവശ്യപ്പെട്ടു.

*******************

## By-election

കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. വയനാട് ലോക്സഭാ മണ്ഡലത്തിലും, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും മുന്നണികൾ പ്രചാരണം ഊർജ്ജിതമാക്കി. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾ എല്ലാവരും പത്രിക സമർപ്പിച്ചു. വയനാട് മണ്ഡലത്തിലെ എൽ ഡി എഫ് സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളിൽ പ്രചാരണം നടത്തും. യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധി 28,29 തീയതികളിൽ വീണ്ടും വയനാട്ടിലെത്തും. എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസ് ഇന്ന് വയനാട്ടിലെ ഉന്നതി കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രചാരണത്തിലാണ്.

ചേലക്കര ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർത്ഥി യു. ആർ പ്രദീപിനായി മുഖ്യമന്ത്രി ഇന്ന് പ്രചാരണത്തിനെത്തി.

എൻഡിഎ സ്ഥാനാർത്ഥി കെ ബാലകൃഷ്ണൻ മുള്ളൂർക്കര പഞ്ചായത്തിലും യുഡിഎഫ്

സ്ഥാനാർത്ഥി രമ്യ ഹരിദാസ് കൊണ്ടാഴി പ്രദേശത്തെ തേക്കിൻകാട് കോളനി മൈതാനത്തിലും ഇന്ന് തെരഞ്ഞെടുപ്പ് പ്രചാരണത്തിലാണ് .

******************

## Palakakd-Election (INTRO)

പത്രികാ സമർപ്പണം പൂർത്തിയായതോടെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെ മുന്നണി സ്ഥാനാർത്ഥികൾ പ്രചാരണ രംഗത്ത് സജീവമായി. വരും ദിവസങ്ങളിൽ കേന്ദ്ര സംസ്ഥാന നേതാക്കൾ കൂടി എത്തുന്നതോടെ മണ്ഡലത്തിൽ പ്രചാരണം കൂടുതൽ ഊര്ജ്ജിതമാകും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.
(വോയ്സ്)

******************

## Jharkhand

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് ഒന്നാംഘട്ടത്തിൻറെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. 43 മണ്ഡലങ്ങളിൽ നവംബർ 13 നാണ് വോട്ടെടുപ്പ്. 748 സ്ഥാനാർത്ഥികളാണ് ഇതുവരെ പത്രിക സമർപ്പിച്ചത്. ഝാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ദ് സോറൻ ബർഹത് മണ്ഡലത്തിലും, പ്രതിപക്ഷനേതാവ് അമർ കുമാർ ബൗരി ചന്ദൻകിയാരിയിലും പത്രിക സമർപ്പിച്ചു. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന തിങ്കളാഴ്ച നടക്കും. പത്രിക പിൻവലിക്കാനുള്ള സമയപരിധി ഈ മാസം 30 വരെയാണ്.

******************

## MAHA-NOMINATIONS

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിനായി ഇതുവരെ 552 സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു. 48 മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക കോൺഗ്രസ് ഇന്നലെ പ്രഖ്യാപിച്ചു. എൻസിപി-ശരദ് പവാർ വിഭാഗം 45 സ്ഥാനാർത്ഥികളുടെ പട്ടികയും പ്രഖ്യാപിച്ചു. മഹാരാഷ്ട്ര

നവനിർമാൺ സേന മൂന്നാം സ്ഥാനാർത്ഥി പട്ടിക കഴിഞ്ഞ ദിവസം പുറത്തിറക്കി. നവംബർ 20 ന് ഒറ്റഘട്ടമായാണ് മഹാരാഷ്ട്രയിൽ വോട്ടെടുപ്പ് നടക്കുക. മുതിർന്ന ബിജെപി നേതാവ് ചന്ദ്രകാന്ത് പാട്ടീൽ, മിഹിർ കൊടേച, എൻസിപി ശരത് പവാർ വിഭാഗം നേതാവ് ഹർഷ് വർദ്ധൻ പാട്ടീൽ തുടങ്ങിയവർ ഇന്നലെ പത്രിക സമർപ്പിച്ചു.

******************

## PRESIDENT CHHATTISGARH

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഛത്തീസ്ഗഢിലെത്തി. ഛത്തീസ്ഗഢ് ഗവർണർ രാമേൻ ദേക, മുഖ്യമന്ത്രി വിഷ്ണു ദിയോ സായി എന്നിവർ ചേർന്ന് രാഷ്ട്രപതിയെ റായ്പൂരിൽ സ്വീകരിച്ചു.

റായ്പൂരിൽ എയിംസിന്റെ രണ്ടാം ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. റായ്പൂർ എൻഐടിയുടെ 14-ാമത് സമ്മേളനത്തിലും , ഭിലായ് ഐഐടിയുടെ നാലാം ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കുന്നുണ്ട്

******************

## CJI APPOINTMENT

സുപ്രീംകോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്നയെ രാഷ്ട്രപതി നിയമിച്ചു. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അടുത്തമാസം വിരമിക്കുന്നതിനെ തുടർന്നാണ് നിയമനം. സുപ്രീംകോടതിയുടെ 51-മത്തെ ചീഫ് ജസ്റ്റിസായി അടുത്തമാസം 11 നാണ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ചുമതലയേൽക്കുക. 2025 മെയ് 13 വരെ അദ്ദേഹം ചീഫ് ജസ്റ്റിസ് സ്ഥാനത്ത് തുടരും.

******************

## J-K-ATTACK

കശ്മീർ താഴ്വരയിൽ, ബാരാമുള്ള ജില്ലയിലെ ഗുൽമാർഗിന് സമീപം ഇന്നലെ രാത്രിയോടെ ഭീകരർ സൈനിക വാഹനത്തിന് നേരെ ആക്രമണം നടത്തി. വെടിവയ്പ്പിൽ രണ്ട് സൈനികർക്ക്

ഉൾപ്പെടെ ഗുരുതരമായ പരിക്കേറ്റു. ഭീകരർക്കായി തിരച്ചിൽ പുരോഗമിക്കുകയാണ്. കശ്മീർ താഴ്‌വരയിൽ ഒരാഴ്ചയ്ക്കിടെ നടക്കുന്ന രണ്ടാമത്തെ ഭീകരാക്രമണമാണിത്. ഞായറാഴ്ച ഗന്ദർബാൽ ജില്ലയിലെ തൊഴിലാളി ക്യാമ്പിൽ ആറ് പേരെ കൊലപ്പെടുത്തിയിരുന്നു.

******************

## RAIN-KERALA

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ

വകുപ്പ്. .തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

******************

## Travel Ban

കോട്ടയം ജില്ലയിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത ഉള്ളതിനാൽ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, മാർമല അരുവി എന്നിവിടങ്ങളിലേയ്ക്കുള്ള പ്രവേശനവും ഈരാറ്റുപേട്ട-വാഗമൺ റോഡിലെയും മലയോര മേഖലയിലെയും രാത്രികാലയാത്രയും നാളെ വരെ ജില്ലാ കളക്ടർ നിരോധിച്ചു.

*****************

## Super League Kerala

സൂപ്പർ ലീഗ് കേരളയിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ് എഫ്സി, ഫോഴ്സ കൊച്ചി എഫ്സിയെ നേരിടും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് പോരാട്ടം. സെമി ഫൈനലിൽ ഇടം നേടാൻ ഇരുടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്.

******************

************

*****